Rajamma Form VI
R.E.H.S. Kon

ചെറുകഥ

തെററുതിരുത്തൽ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ശങ്കരപ്പിള്ളയെ അറിയുകയില്ലേ! പറഞ്ഞാൽ തീർച്ചയായും അറിയും. അയാളുടെ കട—ഒരു കൊച്ചുകട—അതെങ്കിലും കണ്ടുകാണും. ആ പ്രൈമറിസ്കൂളിന്റെ അടുത്ത്—അതിന്റെ എതിരെയുള്ള കടയാണ്. അളുകൾ കൂട്ടംകൂടുന്ന സ്ഥലമല്ല. വിൽപ്പനയ്ക്കു യോജിച്ച സങ്കേതവുമല്ല. അതിന്റെ സ്ഥാനം അവിടെ നിശ്ചയിച്ചതു് ഒരു വ്യാപാരനസ്ഥിതിക്കാരനായിരിക്കയില്ല. തിരുവനന്തപുരം പട്ടണത്തിൽ ഇങ്ങനെ ഒരൊഴിഞ്ഞ കോണിൽ കടയിടാനുള്ള ഉദ്ദേശം?...അതു ഞാൻ പലപ്പോഴും ആലോചിച്ചിട്ടുള്ളതാണ്. എന്തുകൊണ്ടോ എനിക്കു് ആ കടയോടു് ഒരു താൽപ്പര്യംതോന്നി. അതുവഴി ആഫീസിലേക്കു പോകുമ്പോഴൊക്കെ ഞാൻ ആ കടയിലേക്കു നോക്കും. ശങ്കരപ്പിള്ള

തന്നെ ഒരു കുരുക്ഷേത്രം കണ്ടുപിടിക്കാതെ അവനുണ്ടോ അടങ്ങാൻ പോകുന്നു?

യുദ്ധാനന്തരം ധൃതരാഷ്ട്രരും ഗാന്ധാരിയും ഹസ്തിനപുരത്തിൽ തന്നെ വസിച്ചു ധർമ്മപുത്രരുടെ സ്നേഹമധുരിമയാൽ അവരുടെ മനം കുളുർത്തു. ഇങ്ങനെ പതിനാറു കൊല്ലം കഴിഞ്ഞതിനുശേഷം വിദുരൻ, സഞ്ജയൻ, കുന്തി എന്നിവരോടുകൂടി ആ ദമ്പതിമാർ ഹിമാലയത്തിലേയ്ക്കു പുറപ്പെടുന്നു. തദവസരത്തിൽ വന്നുകൂടിയ ജനസംഘത്തോടു് ധൃതരാഷ്ട്രർ സങ്കടപൂർവം യാത്രപറയുന്നു. ഗാന്ധാരിയാകട്ടെ തന്റെ പുത്രന്മാരുടെ പാപം ക്ഷമിക്കണമെന്നാണ് അപ്പോഴും അപേക്ഷിക്കുന്നതു്.

ഗാന്ധാരി കുന്തിയുടെ തോളിൽ കൈവച്ചും (ഇപ്പോഴും ആ ദൃഢവ്രതകണ്ണുകൾ കെട്ടി മറച്ചിരിക്കുകയാണ്) ധൃതരാഷ്ട്രർ ഗാന്ധാരിയുടെ ചുമലിൽ പിടിച്ചും, വിദുരരും സഞ്ജയനും ഇരുവശങ്ങളിലായും ചെയ്ത ആ യാത്രകണ്ടു് കാണികളുടെ മനം തകർന്നു. കൊട്ടാരത്തിനു സമീപം തിങ്ങിക്കൂടിയ ഹസ്തിനനിവാസികൾ ഉച്ചത്തിൽ വിലപിച്ചു. അങ്ങനെ ആ വൃദ്ധസംഘം യാത്രയായി. കുറെക്കാലംകൂടി ഹിമാലയത്തിൽ ജീവിച്ചതിനുശേഷം ഒരു കാട്ടുതീയുടെ മദ്ധ്യത്തിൽ പ്രവേശിച്ചു് അവർ അചേതനരായി ദേഹത്യാഗംചെയ്തു. ഇങ്ങനെയാണ് വിശിഷ്ട വനിതയായ ഗാന്ധാരി ഇഹലോകത്തിൽനിന്നും മറഞ്ഞതു്. ആ മഹതിയുടെ കറയററ ധർമ്മനിഷ്ഠ, സത്യം, ത്യാഗം എന്നിവ ലോകമെന്നും സ്മരിക്കുന്നതാണ്.

★

അവിടെ ഇല്ലാതിരുന്നിട്ടില്ല ഒരു ദിവസവും. ഞാൻ ആഫീസിലേക്കു പോകുമ്പോഴും തിരിച്ചു വൈകുന്നേരം മടങ്ങുമ്പോഴും.....എല്ലാം അവിടെ അയാളെ കണ്ടിട്ടുണ്ട്.

കറുത്തയാളാണു ശങ്കരപ്പിള്ള. അധികം പൊക്കമില്ലെങ്കിലും തീരെ കുറവാണെന്നു തോന്നുകയില്ല. നല്ല പുഷ്ടിയുള്ള ശരീരമാണ്. ധാരാളം രോമമുള്ള ദേഹം—മിക്കവാറും കൈയുള്ള ബനിയനാണ് ധരിക്കുന്നതു്. മുഖത്തു നല്ല ശാന്തത. സ്നേഹമുള്ള കണ്ണുകൾ—നല്ല പ്രകാശവുമുണ്ട്. അയാളുടെ നോട്ടത്തിനു ഒരു വല്ലാത്ത വശ്യതയുമുണ്ട്.

പ്രൈമറിസ്കൂളിലെ കുട്ടികളാണ് ശങ്കരപ്പിള്ളയുടെ കടയിലെ പററുവരവുകാരെന്നു തോന്നും. അതിനു തക്ക സാധനങ്ങളാണ് അവിടെ ശേഖരിച്ചിട്ടുള്ളതും. ബലൂൺ, കളിപ്പാട്ടങ്ങൾ, പ്ളാസ്റ്റിക്കുകൊണ്ടുള്ള കൗതുകവസ്തുക്കൾ—നിറങ്ങളുള്ള സഞ്ചി.....മധുരമുള്ള മിഠായി...അങ്ങിനെ പലതും.

എന്റെ കൊച്ചുകുഞ്ഞിനു് ഒരു പമ്പരംവേണം—പല കടകളിലും ഞാൻ തിരക്കി, ഇല്ല. അവിടെങ്ങും കിട്ടിയില്ല. എവിടെ കിട്ടും? അതുവഴി അന്നു മടങ്ങിവരുമ്പോൾ—കടയുടെ മുമ്പിലെത്തിയപ്പോൾ—അങ്ങോട്ടൊന്നു കയറാമെന്നു തോന്നി, കയറി—പല കൗതുകസാധനങ്ങൾ ഞാൻ നോക്കി—മുട്ടയിടുന്ന താറാവ്, അലയ്ക്കുന്ന റബ്ബർപന്തു, ചിറകുവിതുർക്കുന്ന പക്കി—അങ്ങിനെ പലതും ശങ്കരപ്പിള്ള എടുത്തുകാണിച്ചു. എല്ലാം എത്ര നന്നായിരിക്കുന്നു! കുട്ടികളുടെ മനോഗതിക്കനുസരണമായി, ആവശ്യത്തിനനുസരിച്ചുള്ള സാധനങ്ങൾ...

ഞാൻ ഒരു കൊച്ചുപമ്പരം വാങ്ങി വെളിയിലിറങ്ങി. അന്നുമുതൽ ഞങ്ങൾ വലിയ ഇഷ്ടത്തിലായി. കുറച്ചു ദിവസംകൊണ്ടു് ശങ്കരപ്പിള്ളയെക്കുറിച്ചു് എല്ലാ വിവരങ്ങളും അയാളിൽനിന്നുതന്നെ കിട്ടി.

എത്ര ഭംഗിയായി അയാൾ സംസാരിക്കും! ആ സ്കൂളിലെ കുട്ടികളിൽ ഒട്ടുമുക്കാലുംപേരെ അയാൾക്കറിയാം. അവർക്കയാളേയും—ആ കുഞ്ഞുങ്ങളെ അയാൾക്കെന്തുകാര്യമാണ്!

ശങ്കരപ്പിള്ള അതിനടുത്തുതന്നെയാണ് താമസം. അവിടെ അയാളുടെ മൂത്ത സഹോദരി മാത്രമേയുള്ളു—അയാളെക്കാൾ നാലുവയസ്സു കൂടുതലേ ഉള്ളു അവർക്കു്.

പക്ഷേ വളരെ പ്രായം തോന്നിക്കും. തലമുടി മുക്കാലും നരച്ചതാണ്. മുഖം ശോകമൂകമാണ്. അവർ നോക്കുമ്പോൾ നമ്മിലേക്കു ശോകഭാവം പകരുന്നതുപോലെ അനുഭവപ്പെടും. അധികം സംസാരിക്കുകയുമില്ല.

എന്താണ് ഈ ശോകഭാവത്തിന്റെ അടിസ്ഥാനം? ഞാനതാരോടും ചോദിച്ചില്ല—എന്തെങ്കിലും കാണുമെന്നു സമാധാനപ്പെട്ടു. അവരുടെ പുറമേയുള്ള ഈ ഭാവത്തിനാസ്പദമായ കാര്യങ്ങൾ ചികഞ്ഞറിയുന്നതു് ഒരുപക്ഷേ അവർക്കു ദുസ്സഹമായി തോന്നിയേക്കാം. വേണ്ടാ. അതു ചോദിച്ചിട്ടാവശ്യമില്ല. ഓരോരുത്തർക്കും അവനവന്റെ വേദനകളും ഭാരങ്ങളും കാണും. മേനിപൂശി ജീവിക്കാൻ എല്ലാപേർക്കും കഴിഞ്ഞെന്നു വരികയില്ല. ആളുകളുടെ ഹൃദയത്തിലേക്കു എന്തിനു കടന്നുചെല്ലണം!

എങ്കിലും ആറു മാസത്തെ പരിചയത്തിനിടയിൽ ഞാനതെല്ലാം മനസ്സിലാക്കി. അപ്പഴപ്പോഴുള്ള സംഭാഷണങ്ങളെയെല്ലാം എച്ചുവച്ചു നോക്കി തകർന്ന ജീവിതത്തിന്റെ ആകെക്കൂടിയുള്ള ഒരു രൂപംകിട്ടി. എന്താണതു്?

ശങ്കരപ്പിള്ളയുടെ കുടുംബം വെറും സാധാരണമായ ഒന്നാണ്. അയാളുടെ അമ്മ വളരെനേരത്തെ മരിച്ചു. അന്നു ശങ്കരപ്പിള്ളക്കു പന്ത്രണ്ടു വയസ്സുകാണും. ജ്യേഷ്ഠത്തിക്കു്—ജാനകി എന്നാണവരുടെ പേർ. പതിനാറും. അതിനുശേഷം അയാളുടെ അഛൻ വിവാഹംകഴിച്ചില്ല. അവരെ രണ്ടുപേരെയും വളർത്തി "ഒരു നിലയിലെത്തിക്കുക" എന്നതായിരുന്നു ആ പിതാവിന്റെ ഏക ജീവിതോദ്ദേശം. അയാൾ ഇരട്ടി പണിയെടുത്തു. കുട്ടികൾക്കാവശ്യമായതൊക്കെ അയാളുടെ കെൽപനുസരിച്ചു സമ്പാദിക്കാനുള്ള ശ്രമത്തിൽ ആരോഗ്യത്തെപ്പോലും അയാൾ കരുതിയില്ല.

നാലാം ക്ലാസ്സുവരെമാത്രമേ ജാനകി പഠിച്ചിട്ടുള്ളു. പിന്നെ അവൾ സ്കൂളിൽ പോയില്ല. "ഉദ്യോഗത്തിനൊന്നും പോകണ്ട. അതുകൊണ്ടു് വീട്ടുകാര്യംനോക്കാൻ പഠിച്ചാൽ മതി" എന്നായിരുന്നു അവളുടെ അഛന്റെ വിധി—അവൾ അങ്ങിനെ അടുക്കളയിലേക്കു ഒതുങ്ങി.

ശങ്കരപ്പിള്ള സ്കൂൾഫൈനൽ ക്ളാസ്സിലെത്തി. ആയിടയ്ക്കാണ് ഗോപാലൻനായർ മലയായിൽനിന്നു നാട്ടിലെത്തിയതു്. അവരുടെ അയലത്തുള്ള വീട്ടിലെ ആളാണ് ഗോപാലൻനായർ—പഠിച്ചുകൊണ്ടിരുന്ന കാലത്തു അദ്ധ്യാപകരോടു് വഴക്കുണ്ടാക്കി പഠിത്തം നിറുത്തി, വീട്ടിലിരുന്ന പന്ത്രണ്ടു രൂപയും മോഷ്ടിച്ചുകൊണ്ടു് നാടുവിട്ടു. പിന്നീടു അയാളെക്കുറിച്ചറിയുന്നതു് മലയായിൽനിന്നു എഴുത്തുവരുമ്പോഴാണ്.

അതിനുശേഷം വർഷം എട്ടുകഴിഞ്ഞു. ആദ്യം നാട്ടിൽ മടങ്ങിയെത്തിയതാണ്. പണത്തിനൊരു വിഷമവും ഗോപാലൻനായർക്കില്ല. സ്വന്തം പരിശ്രമംകൊണ്ടുണ്ടാക്കിയ പണമാണയാളുടേതു്, നാട്ടിലെത്തിയതു് വെറുതെയല്ല. വിവാഹം കഴിക്കണം, ഭാര്യയോടൊത്തു തിരികെ പോകണം.

ജാനകിയെ അയാൾക്കു നന്നേ പിടിച്ചു. അയാൾ നാടുവിടുമ്പോൾ കണ്ട പെൺകുട്ടിയല്ല അവൾ. ഒരു ഗ്രാമീണകന്യകയുടെ അഴകു് അവൾക്കു ഒത്തിണങ്ങിയിട്ടുണ്ടു്. ആഭിജാത്യമുള്ള മുഖം. നല്ല പെരുമാററം—സ്വഭാവം ആരേയും ആഷിക്കത്തക്കതു്.

ഗോപാലൻനായർ ജാനകിയുടെ അഛനെ വിവരം അറിയിച്ചു. മകളെ നാട്ടിനുപുറത്തയക്കുക—അതയാൾക്കു താങ്ങാവുന്ന ഒരു കാര്യമല്ല. അവസാനകാലത്തു് അവളുടെ കൈകൊണ്ടു് വള്ളംകുടിച്ചു ചാകണമെന്നാണ് അയാളുടെ ആശ. കൂലിപ്പണിക്കാരനാണെങ്കിലും നാട്ടിലുള്ള ഒരാളിനെ അവൾ കല്യാണംകഴിച്ചാൽ മതി.

ശങ്കരപ്പിള്ളയുടെ അഭിപ്രായം അതായിരുന്നില്ല—"നാടുവിട്ടാലു നന്നായിക്കിടക്കുന്നതല്ലേ നല്ലതു്" അയാൾ തർക്കിച്ചുനോക്കി. ഗോപാലൻനായരെക്കുറിച്ചു വിപരീതാഭിപ്രായങ്ങളൊന്നുമില്ല. അയാൾ കണ്ടമാനക്കാരനല്ല—വീട്ടുകാരോടുമുള്ളവനാണ്. സ്വന്തം കാലിൽ നിൽക്കാനുള്ള ത്രാണിയുന്ന ചെറുപ്പക്കാരൻ.

ആ വിവാഹനടത്തണമെന്നു് ശങ്കരപ്പിള്ളയ്ക്കു നിർബ്ബന്ധമായി. അഛനും മകനും തമ്മിൽ അതിനെക്കുറിച്ചു തർക്കമായി. തർക്കവുറുകി വഴക്കായി. രണ്ടുമൂന്നുദിവസം അഛനും മകനും തമ്മിൽ സംസാരിച്ചില്ല. ഗോപാലൻനായർ ഒരു തീരുമാനുറിയാൻ തിടുക്കം കാണിച്ചു തുടങ്ങി.

അന്നൊരു സന്ധ്യയ്ക്കു് ശങ്കരപ്പിള്ളയും അഛനുംകൂടി വീണ്ടും അതിനെക്കുറിച്ചു സംസാരിച്ചു. ജാനകി അടുക്കളയിലായിരുന്നു "നാടുവിട്ടാൽ പിന്നെ അവളെയൊന്നു കാണുന്നതെങ്ങിനെ മോനെ?" വൃദ്ധപിതാവിന്റെ കണ്ഠം ഇടറുന്നുണ്ടായിരുന്നു "ചേച്ചി നന്നായിരിക്കുന്നതല്ലേ അഛന്റെയും സുഖം?" ശങ്കരപ്പിള്ള പറഞ്ഞു.

"അതിനും സംശയമോടാ?"

സംശയം കൊണ്ടല്ല, ഈ നാട്ടിൽ കിടന്നാലെന്താഗതി?"

"നമ്മളൊക്കെ എങ്ങിനെയ്യാ കഴിയുന്നതു?"

"ഇതുപോലെതന്നെ എല്ലാരും കെടന്നാമതിയോ?"

"പിന്നെ മണ്ണിനോടുള്ള കൂറു് വയസ്സാകുമ്പോഴേ അറിയൂമോനേ.

പിരിച്ചുനട്ടാലേ തഴച്ചുവളരൂ അഛാ. ഒരു മൂട്ടിൽ നിന്നാൽ എല്ലാം മുരടിച്ചുതുടങ്ങും!"

"അതിനു്...ജാനകിയെ...! അമ്മയില്ലാതെ നിങ്ങളെ വളർത്തിയ എനിക്കേ അറിയാവൂ... അതിനുള്ള വേദന! ഞാനാമോനേ, നിങ്ങളുടെ അമ്മയും അഛനും എല്ലാം!"

"അതുകൊണ്ടാ ഞാമ്പറയുന്നേ."

"അവസാനകാലത്തു് കണ്ടോണ്ടു ചാവാൻ."

"അഛനു കണ്ടോണ്ടുചത്താൽമതി. അതിനുവേണ്ടി ചേച്ചിയുടെ ഭാവി നശിപ്പിക്കണോ?"

"അവളുടെ ഭാവി ഞാൻ നശിപ്പിക്കുമോ എടാമോനേ..." നീ..." അയാളുടെ കണ്ണിൽനിന്നു് കണ്ണുനീർ പൊട്ടിയൊഴുകി അയാൾ തുടർന്നു—ഞാനിതു പറഞ്ഞാൽ അവളുടെ ഭാവി നശിപ്പിക്കുവാന്നൊ—"

"അതെ! അതിനു തുല്യമാണ്.—ശങ്കരപ്പിള്ള ഉറപ്പിച്ചുപറഞ്ഞു.

നീണ്ട നിശബ്ദത അവരുടെയിടയിൽ ഉറഞ്ഞുനിന്നു. രണ്ടുപേരും ഭാവിയെക്കുറിച്ചു ചിന്തിക്കുകയാണ്.... രണ്ടും രണ്ടുരീതിയിൽ——മംഗളമായ സമാപനവും മനോഹര

മായ സമാരംഭവും... വൃദ്ധനും യുവാവും അങ്ങിനെ ജീവിതത്തെക്കുറിച്ചു് ചിന്തിക്കുകയാണു്....

"എന്തൊ അശ നശിച്ചാലും അവളുടെ ഭാവി നന്നാകട്ടെ!" ഒടുവിൽ വൃദ്ധൻ പറഞ്ഞു....

ഗോപാലൻനായർ ജാനകിയെ വിവാഹംചെയ്തു.

രണ്ടാഴ്ച കഴിഞ്ഞു് അവർ മലയായിലേക്കു് പോയി.

അതുവരെ അരോഗ്യത്തിനു കുറവൊന്നുമില്ലാതിരുന്ന ശങ്കരപ്പിള്ളയുടെ അമ്മാന്റെ ശരീരം ജാനകി പോയതിൽ പിന്നെ ക്ഷീണിച്ചുതുടങ്ങി. മുഖത്തെ ചൈതന്യം മങ്ങി. അന്നുവരെ അനുഭവപ്പെടാത്ത ബലഹീനത! എന്താണു് കാരണം —'അ പെങ്കൊച്ചു് തരുന്ന വെള്ളം കുടിച്ചാൽ—അതീവൃദ്ധനു് അമൃതാണു്. ഉം! അതൊക്കെ കഴിഞ്ഞു. ഇനിനേരത്തെ അങ്ങുപോയാൽ മതി" അയാൾ ദയനീയമായി. എങ്ങോട്ടെന്നില്ലാതെ, നോക്കിയിരിക്കും.

ഇത്രമാത്രം പരിവർത്തനം ആ വൃദ്ധനുണ്ടാകുമെന്നു് ശങ്കരപ്പിള്ള കരുതിയതല്ല. മകളുടെ വേർപാടുകൊണ്ടു് ഇങ്ങനെ ഭാവഭേദം വന്നുകൂടുമെന്നു് അയാൾ വിചാരിച്ചില്ല. ജാനകിയുടെ വിവാഹത്തിനുശേഷവാദി അയാളാണു്. അയാളുടെ നിർബ്ബന്ധവും വാശിയും ഇല്ലാതിരുന്നെങ്കിൽ ഒരുപക്ഷേ അതു നടക്കുകതന്നെയില്ലായിരുന്നു. അമ്മാനോ സഹോദരിയോ എന്ന പ്രശ്നം അയാളുടെ മുമ്പിൽ അന്നു മുന്നിനിന്നപ്പോൾ—അയാൾ സഹോദരിയുടെ പക്ഷംപിടിച്ചു. ഒരു ജീവിതം അവളുടെ മുമ്പിലുണ്ടു്—അതു് തുടങ്ങുന്നതേയുള്ളു. പിതാവു്—അതു് മഹത്തായ സ്ഥാനമാണു്. പക്ഷേ... പക്ഷേ... അയാൾ ചിന്തിച്ചു—അതു് കഴിഞ്ഞുപോയ തലമുറയാണു്. പുതിയ തലമുറയെ കൈയ്യുപിടിച്ചു നയിച്ചുകഴിഞ്ഞാൽ അതിനു സ്ഥാനമെന്തു്...? പവിത്രമായി സ്മരിക്കപ്പെടേണ്ട ഒന്നുമാത്രം... ...

ജാനകി പോയിക്കഴിഞ്ഞു് രണ്ടുമാസമായപ്പോൾ ആ വൃദ്ധൻ മരിച്ചു. ജാനകിയും ഭർത്താവും മലയായിൽ എത്തിയപ്പോൾ ആദ്യം കിട്ടിയ എഴുത്തു് ആ വിവരം അറിയിച്ചുകൊണ്ടുള്ളതായിരുന്നിരിക്കണം.

ശങ്കരപ്പിള്ള സ്കൂൾഫൈനൽ ക്ലാസ്സിൽ രണ്ടുകൊല്ലം തോറ്റു—പിന്നെ പഠിക്കണമെന്നു തോന്നിയില്ല—പഠിത്തം നിറുത്തി.

രണ്ടാംലോകമഹായുദ്ധത്തിന്റെ അരംഭമായി. ഏഷ്യയിൽ അതുണ്ടാക്കിയ പ്രത്യാഘാതങ്ങൾ പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചതോടെ മലയായിൽ താമസമാക്കിയ പലരും അവിടംവിട്ടു.

ഗോപാലൻനായരും ഭാര്യയും മലയായിൽചെന്നിട്ടു് നാലുകൊല്ലമേ കഴിഞ്ഞുള്ളു. നാട്ടിലേയ്ക്കു തിരിച്ചുപോകാൻ അയാൾ അശിച്ചു—പക്ഷേ അയാൾക്കു് അതിനനുവാദം നിഷേധിക്കപ്പെട്ടു. ജാനകിയെ തനിച്ചു് നാട്ടിലേയ്ക്കയയ്ക്കാമെന്നുവച്ചു. അല്ലാതെന്തുചെയ്യും? വീടുംകടയുമുപേക്ഷിച്ചു് നാട്ടിലേയ്ക്കു പോന്നവരുടെ കൂട്ടത്തിൽ ജാനകിയേയും അയാൾ അയച്ചു.

അവർ അങ്ങിനെ വേർപെട്ടു.

ജാനകി നാട്ടിൽ തിരിച്ചെത്തി. അവൾ പോയപ്പോൾ കണ്ട ആ വീട്ടിലായിരുന്നില്ല. ഇന്നു് മൂകത മൂടിനിൽക്കുന്ന വീടാണതു്. ഭിത്തിയൊക്കെ പായൽപിടിച്ചു് പച്ചച്ചിരുന്നു. മുറ്റമെല്ലാം പുല്ലുപടർന്നു് വൃത്തിഹീനമായി. എന്തെന്നില്ലാത്ത മൂകത അവിടെ വിങ്ങിനിൽക്കുകയാണു്.

മലയായിലേക്കു് യുദ്ധം വ്യാപിച്ചു. ജാനകി കണ്ണീർ വാർത്തുതുടങ്ങി.

ശങ്കരപ്പിള്ള... അയാൾ സഹോദരിയോടു് എന്തുപറയും? അയാളുടെ ഹൃദയം നീറുകയാണു്. സുഭിക്ഷമായ ജീവിതത്തിലേക്കു് നയിക്കാനുള്ള ശ്രമം അവളെ എവിടെയാണു് എത്തിച്ചിരിക്കുന്നതു്! അശിച്ചതൊക്കെ അടിവിട്ടു് അനുഭവമാകുമ്പോൾ അയാൾക്കു് എന്തു ചെയ്യാനൊക്കും?

അങ്ങേയറ്റം സ്നേഹിച്ച പിതാവു്...? ജീവനെപ്പോലെകരുതുന്ന സഹോദരി..." അവരുടെ അശകൾ...? അതൊക്കെ തകർന്നതിനുത്തരവാദി അയാളല്ലേ! വൃദ്ധനായ പിതാവിന്റെ അവസാനത്തെ ആഗ്രഹം സാധിക്കാഞ്ഞതു്... ഹൊ! അയാൾക്കതു് സഹിക്കാൻകഴിഞ്ഞില്ല... ...അതും അറിയാതെ നിഷ്ക്രിയമായ നിരാവേളകളിൽ അയാൾ എഴുന്നേറ്റിരുന്നു് മുഖംപൊത്തിക്കരഞ്ഞു. മുറ്റത്തിറങ്ങി ഉലാത്തി. ഉത്തര കണ്ണകൾകൊണ്ടു് അണയാറായ നക്ഷത്രങ്ങളെ നോക്കിനിക്കാണ്ടു് അയാൾ അവിടെ മുറ്റത്തു നിന്നു. മരങ്ങളിൽനിന്നു് മഞ്ഞുതുള്ളികൾ ഇറ്റിറ്റുവീഴുകയാണു്. അചേതനവസ്തുക്കളും അയാളോടൊപ്പം ഖേദിക്കുകയായിരിക്കും. മുറ്റത്തിന്റെതെക്കേക്കോണിൽനിൽക്കുന്ന ആ വരിക്കപ്ലാവിന്റെ ചുവട്ടിലെ അസ്ഥിത്തറയിൽ—അന്തിക്കെരിഞ്ഞടങ്ങിയ തിരിയുടെ ചാരം കിടക്കുന്ന അസ്ഥിക്കല്ലിൽ... നിശാദേവി നിഷ്ക്രിയതയിൽ ഉപഹാരം അർപ്പിക്കുകയായിരിക്കണം. ആ നിഷ്ക്രിയതയിൽ...

അയാൾ പതുക്കെ മുറ്റത്തുനിന്നു് തിണ്ണക്കുകയറി. ഒരു വിങ്ങിക്കരച്ചിൽ... വീർപ്പുമുട്ടുന്ന കരച്ചിൽ... ഒതുക്കാനുള്ള ശ്രമത്തെ പരാജയപ്പെടുത്തിക്കൊണ്ടു് ആ നിഷ്ക്രിയതയിൽ അയാൾ കേട്ടു.

അയാളുടെ സഹോദരി... അവൾ ഉറങ്ങിയിട്ടില്ല... ഉറങ്ങാൻ ശ്രമിക്കുകയില്ലായിരിക്കും. അവൾ കരയുകയാണു്. കരളുനൊന്തു് കരയുകയാണു്. എന്നും ഇങ്ങനെ കരയുമായിരിക്കും അതും അറിയാതെ! അയാൾ ഉറങ്ങിയെന്നു വിശ്വസിച്ചായിരിക്കും അവൾ കരയുന്നതു്. വിങ്ങിനിൽക്കുന്ന വിമ്മിഷ്ടത്തിനൊരു ശാന്തയുണ്ടാക്കാൻ! ശിലാപ്രതിമപോലെ അയാൾ അവിടെ നിന്നു.

... ...

അവരുടെ വിജയവും പരാജയവും ഗണ്യമാക്കാതെ കാലം കടന്നുപോയി.

യുദ്ധം സമാപിച്ചു.

ഗോപാലൻനായരെക്കുറിച്ചു് ഒരു വിവരവുമില്ല.

... ...

ശങ്കരപ്പിള്ളയും ജാനകിയുംതമ്മിൽ അധികമൊന്നും സംസാരിക്കാറില്ല. പരസ്പരം കാണുമ്പോൾ രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞുപോകും. രണ്ടുപേരും കഴിയുന്നതും സംസാരിക്കുന്നതെന്നുകരുതി ജീവിക്കുകയാണെന്നതോന്നും പെരുമാറ്റം കണ്ടാൽ. രണ്ടുപേരും കാര്യങ്ങൾ കണ്ടറിഞ്ഞുചെയ്യും. കാപ്പി തയ്യാറാക്കിയാൽ ജാനകി മേശപ്പുറത്തുകൊണ്ടുചെന്നുവയ്ക്കും. പറയാതെതന്നെ ശങ്കരപ്പിള്ള അ

ചന്ദ്രമുള്ളതു് എടുത്തുകുടിക്കും. കുടിച്ചുകഴിഞ്ഞാൽ ജാനകി പാത്രം എടുത്തുകൊണ്ടുപോകും.

സ്വസഹോദരിയുടെ ദയനീയസ്ഥിതിയിൽ ശങ്കരപ്പിള്ള വല്ലാതെ വേദനിച്ചു. അവളെ കാണുമ്പോൾ, അവളുടെ വിമ്മിഷ്ടപ്പെട്ട വിതുമ്മലിന്റെ ശബ്ദം കേൾക്കുമ്പോൾ, വരിക്കപ്ലാവിൻചുവട്ടിലെ അസ്ഥിത്തറകാണുമ്പോൾ—അവയൊക്കെ അയാൾക്കു പററിയ പരാജയം ഓർമ്മിപ്പിക്കും. എല്ലാം അയാൾകാരണം...പിതാവു മരിച്ചതും...സഹോദരി വിധവയായി അകാലവാർദ്ധക്യത്തിൽ കഴിയുന്നതും സഹോദരി അയാളെ ശപിക്കുന്നുണ്ടായിരിക്കും.

അന്നൊരുദിവസം അത്താഴം കഴിച്ചുകൊണ്ടിരിക്കുന്ന സമയം ശങ്കരപ്പിള്ള, ജാനകിയൊടു പറഞ്ഞു—

"ചേട്ടത്തീ!"—

ജാനകിയൊന്നും മിണ്ടിയില്ല. അത്താഴം ഉണ്ണുമ്പോൾ കുശലംപറയുക! അതിന്നുവരെ ഉണ്ടായിട്ടില്ല. അവൾ അത്ഭുതപ്പെട്ടു് അടുക്കളവാതിൽ ചാരിനിന്നു.

"ചേട്ടത്തീ! ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ—"

ജാനകിയുടെ കണ്ണുനിറഞ്ഞു—"ഉം—!" അവൾ പതുക്കെ മൂളി.

"എന്നും ഇങ്ങിനെ ജീവിച്ചാൽ മതിയോ?"

"അല്ലാതെന്തുചെയ്യും?"

ശങ്കരപ്പിള്ള ഞെട്ടിപ്പോയി. പക്ഷേ അതു പുറത്തു കാണിച്ചില്ല.

"എന്തെങ്കിലും ചെയ്താൽ...ചെയ്യണമെന്നു...!"

ജാനകി മൗനിയായി നിന്നതേയുള്ളു...

"കഴിഞ്ഞതൊക്കെ കഴിഞ്ഞു!...വീണ്ടുമൊരു...!"

"ജീവിതമോ?"

"അതെ! ഞാൻ എല്ലാം ആലോചിച്ചുവച്ചിട്ടുണ്ടു്. വിരോധമില്ലെങ്കിൽ....."

"വേണ്ടാ അനിയാ! വന്നതൊക്കെ മതി. ജീവിതംമുഴുവൻ ഞാൻ കണ്ടില്ലേ?...ഇനി അതാവർത്തിക്കേണ്ട!...വേണ്ടാ!..."

വൈരാഗ്യബുദ്ധിയെപ്പോലെയാണവൾ സംസാരിച്ചതു്...

ശങ്കരപ്പിള്ള പിന്നെ ഒന്നും പറഞ്ഞില്ല.

... ...

രാവിലെ സ്കൂളിലേക്കുപോകുന്ന കുട്ടികളെ നോക്കിക്കൊണ്ടു് അയാൾ ആ കടയിൽ ഇരിക്കും. ബാലികാബാലന്മാരുടെ സംസാരങ്ങളും ബഹളങ്ങളും കേൾക്കുന്നതിൽ കവിഞ്ഞു് ഒരു സംതൃപ്തി ശങ്കരപ്പിള്ളക്കില്ല. ചിലകുട്ടികൾ അയാളുടെകടയിൽചെന്നു് ചില്ലറസാധനങ്ങൾവാങ്ങിക്കും, സ്ലേറ്റുപെൻസിലൊ, മിഠായിയോ കൊച്ചുബലൂണോ ഒക്കെ, അവരുടെ നടപ്പും കളിയും, ചിരിയും ആ മനുഷ്യന്റെ ഹൃദയം കുണുപ്പിക്കും! അയാളുടെ ജീവിതത്തിലാനന്ദമരുളുന്നതു് അതു മാത്രമാണു്. സ്കൂൾ സമയമായാൽ അയാളുടെ മുമ്പിൽകൂടി കടന്നുപോകുന്ന ബാലവൃന്ദത്തിന്റെ ഒഴുക്കു് അവസാനിക്കും. അയാൾ ഒരു സ്വപ്നലോകത്തിലേക്കു് ഉയരുകയായി. അയാളുടെ പ്രതക്ഷികൾ—ആശകൾ—അവയൊക്കെ അവ്യക്തതയിൽ പൊതിഞ്ഞു് സ്വപ്നമണ്ഡലത്തിലുയരും.....

ജാനകി മലയായിലേക്കു പോയപ്പോൾ അയാൾക്കുണ്ടായിരുന്ന ഒരുത്തരവാദിത്വം അവസാനിച്ചെന്നു വിശ്വസിച്ചു. അതുവരെ ആരേയും അറിയിക്കാതെ അയാളുടെ ഹൃദയത്തിൽ നിഗൂഢമായി പുലർത്തിവന്നിരുന്ന ആഗ്രഹം പുറത്തു പറഞ്ഞു—അയലത്തെ വീട്ടിലെ മീനാക്ഷിയെ അയാൾക്കു വിവാഹംചെയ്യണം—ആരുമാരുമറിയാതെ അവർ ഹൃദയരഹസ്യങ്ങൾ കൈമാറിയതാണു്. ജീവിതത്തിനു് ഒരർത്ഥമുണ്ടെന്നു്, മാധുര്യമുണ്ടെന്നു്, മനുഷ്യനെ ഉയർത്താൻ കെല്പുണ്ടെന്നു് ആ പ്രണയത്തോടുകൂടിയാണു് ശങ്കരപ്പിള്ളക്കു് അനുഭവമായതു്.

ക്രമേണ ക്ഷയിച്ചുകൊണ്ടിരുന്ന പിതാവിന്റെ ആരോഗ്യം അയാളുടെ വിവാഹത്തിനുതടസ്സമായി. അഛൻ ആ നിലയിൽ കഴിയുമ്പോൾ അയാൾക്കു് വിവാഹം എങ്ങിനെ നടത്താനൊക്കും? അയാൾ അതു നീട്ടിവച്ചു.

ശങ്കരപ്പിള്ളയുടെ അഛൻ മരിച്ചു. ആ വൃദ്ധന്റെ അവസാനത്തെ ആഗ്രഹം...മകളുടെ കൈകൊണ്ടു് വെള്ളംകുടിച്ചു സുഖമായി ജീവിതം അവസാനിപ്പിക്കുന്നതിനു് സാധിച്ചില്ല അവസാനനിമിഷത്തിൽ മരണശയ്യയിൽ കിടക്കുമ്പോൾ ആ വൃദ്ധൻ വളരെ വേദനിച്ചു. അവസാനദിവസങ്ങളിൽ അയാൾ ശങ്കരപ്പിള്ളയെ വെറുത്തു. അയാളല്ലേ ആ ആശയ്ക്കു വിഘാതമുണ്ടാക്കിയതു്. ശങ്കരപ്പിള്ളയുടെ അഭിപ്രായത്തോടു് അന്നു് വൃദ്ധൻ യോജിച്ചെങ്കിലും അതിനു ശേഷം അയാൾ ക്ഷമിച്ചില്ല.

ശങ്കരപ്പിള്ളയുടെ ഹൃദയത്തിൽ അതു നല്ലതുപോലെ തട്ടി. മറെറാരിക്കലും വേദനിച്ചിട്ടില്ലാത്തമട്ടിൽ അയാൾക്കു വേദനതോന്നി. വൃദ്ധൻ മരിച്ചെങ്കിലും വിവാഹം നീട്ടിവയ്ക്കാൻ, ആ വേദന അയാളെ പ്രേരിപ്പിച്ചു.

അയാൾ അത്യധികം ആശിച്ചിരുന്ന ആ വിവാഹം അങ്ങിനെ നീണ്ടുനീണ്ടുപോയി. ജാനകി തിരിച്ചുവന്നതോടുകൂടി അതു് അനിശ്ചിതകാലത്തേക്കു മാററിവച്ചു....

മീനാക്ഷിയുടെ വീട്ടുകാർ ശങ്കരപ്പിള്ളയുടെ ആഗ്രഹത്തെ അവഗണിക്കാൻ നിർബന്ധിതരായി വാക്കു പാലിക്കാത്ത മനുഷ്യൻ എന്നു് മീനാക്ഷി അയാളെ നോക്കി ശപിച്ചു. മീനാക്ഷിയെ മറെറാരാൾ വിവാഹംചെയ്തു. ഇന്നവൾക്കു് മൂന്നു കുട്ടികളുണ്ടു്.

അയാൾ വിവാഹിതനായിരുന്നുവെങ്കിൽ ഇന്നു് ഈ സ്കൂളിലേക്കു പോകുന്ന ബാലികാബാലന്മാരുടെ കൂട്ടത്തിൽ അയാളുടെ കുട്ടികളും കാണുമായിരുന്നു. സ്കൂളിലേക്കു പുത്തൻ ഉടുപ്പുകളമിട്ടു് കൊച്ചു സഞ്ചിയും പിടിച്ചു്, ബഹളംകൂട്ടി അവരും പോകുമായിരുന്നു, അയാളുടെ മടിയിലിരുന്നു് ഒരു നൂറുകൂട്ടം കാര്യങ്ങൾ അവർ ചോദിക്കുമായിരുന്നു. പഞ്ചാരവാക്കുകൾകൊണ്ടു് അവരെ അയാൾ രസിപ്പിക്കുമായിരുന്നു. അയാളുടെ കടയിൽ കളിപ്പാട്ടം വാങ്ങാനെത്തുന്ന അച്ഛന്മാരെപ്പോലെ അയാളും കളിക്കോപ്പുകൾ തേടി നടക്കുമായിരുന്നു....ആ ചിത്രങ്ങളൊക്കെ അയാൾ ആ കടയിലിരിക്കുമ്പോൾ കാണാറുണ്ടു്. പക്ഷേ ഇന്നോ? തന്റെ ജീവിതത്തെ ശപിച്ചുകൊണ്ടു്, നീറി നീറി, കരഞ്ഞുകരഞ്ഞു് കഴിഞ്ഞുകൂടുന്ന വിധവയായ സഹോദരിയും....വിണ്ണിലെ താരകളുമൊത്തു് കളിച്ചു രമിക്കുന്ന സ്വപ്നശിശുക്കളെ കണ്ടുകൊണ്ടു് പരാജയത്തിന്റെ നടുവിൽ അയാളും....മാത്രമുണ്ടു് മിച്ചം...

ആഫീസിൽനിന്നു മടങ്ങുമ്പോൾ ഞാൻ ഒരു സ്നേഹിതനുമൊത്തു് ശങ്കരപ്പിള്ളയുടെ കടയിൽ കയറി. എന്റെ

സ്നേഹിതനു് ശങ്കരപ്പിള്ളയെ നേരത്തെ അടുത്തു പരിചയമുണ്ടു്. ഞങ്ങൾ സംസാരിച്ചുകൊണ്ടാണു് കടയിലേക്കു കടന്നതു്. കഷ്ടിച്ചു് ഏഴുവയസ്സുപ്രായമുള്ള ഒരു ബാലനോടു് ശങ്കരപ്പിള്ള എന്തോ പറഞ്ഞുകൊണ്ടു് നിൽക്കുകയാണു്. അറിയാതെ ഞങ്ങൾ അതു ശ്രദ്ധിച്ചുതുടങ്ങി.

"ഏതു കാറാണു്? അതോ?" ഒരു കളിപ്പാട്ടം ചൂണ്ടിക്കാണിച്ചുകൊണ്ടു് ശങ്കരപ്പിള്ള ആ കൊച്ചുമനുഷ്യനോടു ചോദിച്ചു.

"ങ്ങൂം" – തലകുലുക്കിക്കൊണ്ടു് അവൻ കൈവിരൽ കടിച്ചു—ശങ്കരപ്പിള്ള അതു് എടുത്തുകൊണ്ടുവന്നു.

"വാസുക്കുട്ടന്റെ കാറുപോലെ ഇതോടുമോ?" കൗതുകത്തോടെ കുട്ടി ചോദിച്ചു.

"ഇതും ഓടുന്നതാ. ഇതാ നോക്കിക്കേ—"ശങ്കരപ്പിള്ള അതിന്റെ സ്പ്രിംഗ് മുറുക്കിയിട്ടു് താഴത്തുവച്ചു. കാറോടുന്നതുകണ്ടു് ആ കൊച്ചുകുട്ടി കൈകൊട്ടിച്ചിരിച്ചു. അവന്റെ കണ്ണുകൾവിടർന്നു.... എന്തൊരാനന്ദമാണവിടെ തെളിഞ്ഞതു്.

"ഇതെനിക്കു വേണം. വാസുക്കുട്ടന്റെ കാറു് ഇതുപോലെ ഓടത്തില്ല!"

"ഇല്ലേ?"

"ഇല്ല! ഒരിക്കലുമില്ല—ഇതു കാണുമ്പോ അവനു് അസൂയവരും. അങ്ങിനെ വേണം. വാശിപിടിച്ചു പറയുകയാണു് ആ ബാലൻ—"ഇതിനെത്രാ വില? അവൻ ചോദിച്ചു.

"കൈയ്യിലെത്രയുണ്ടു്?"

ഇടത്തുകയ്യിലെ ഒരു കൊച്ചുപൊതി കാണിച്ചുകൊണ്ടു് കുട്ടി പറഞ്ഞു.—ഇത്രയുള്ളു"

"ഇങ്ങു തരു.—"ശങ്കരപ്പിള്ള അതു വാങ്ങി.

"ഇനി ഒന്നുമില്ലെ?"

"ഇല്ല ഒന്നുമില്ല" അവന്റെ കണ്ണുകൾ നിറഞ്ഞു. അത്രയും പണത്തിനു് ആ കളിപ്പാട്ടം കിട്ടുകയില്ലെന്നു് അവൻ ധരിച്ചിട്ടായിരിക്കും.

"വേറൊരു കാര്യമില്ല" കളിപ്പാട്ടം അവൻ നെഞ്ചോടടുപ്പിച്ചുകൊണ്ടു പറഞ്ഞു—

"കുഞ്ഞു് ആ കാറെടുത്തോളു കേട്ടോ. ഇത്രയും മതിങ്കെ!" ശങ്കരപ്പിള്ള കുട്ടിയുടെ പാതി മന്ദമായി തടുത്തുകൊണ്ടു് ആശ്വസിപ്പിക്കുന്ന രീതിയിൽ പറഞ്ഞു. "കൊണ്ടുപൊയ്ക്കോളു"

ആ പിഞ്ചുമുഖത്തു പ്രസന്നത കളിയാടി. അവൻ ചിരിച്ചു. സംതൃപ്തിയോ കൃതജ്ഞതയോ എന്താണതിൽ കലർന്നിരുന്നതു്? കളിപ്പാട്ടം നെഞ്ചിൽ ചേർത്തുപിടിച്ച അഹങ്കാരിയെപ്പോലെ നടന്നു...അതു നോക്കി എന്തൊക്കെയോ സ്വപ്നംകണ്ടുകൊണ്ടു് ശങ്കരപ്പിള്ള അവിടെ നിന്നു.

മേശപ്പുറത്തു അയാളുടെ മുമ്പിൽ, ആ കൊച്ചു പൊതി അഴിഞ്ഞുകിടക്കുന്നു. വിയർപ്പുപുരണ്ട കീറിയ കടലാസുപൊതി വേറെ, അതിലിരുന്ന അണത്തുട്ടുകൾ വേറെ! ഞാൻ അവിടെനിന്നുകൊണ്ടു് ആ തുട്ടുകൾ എണ്ണി—അതാ അണ. അതിൻപുറകെ ഒരു കൊച്ചു ഗോലിയും! അയാൾ കൊടുത്ത കളിപ്പാട്ടത്തിനു് അതാ അണയോ? ഞാൻ അത്ഭുതപ്പെട്ടു. എനിക്കതു അടക്കാൻ കഴിഞ്ഞില്ല. "അതിനു് അതാ അണയോ വില? ശങ്കരപ്പിള്ളേ!"

അയാൾ സ്വപ്നത്തിൽനിന്നു് ഞെട്ടിയുണർന്നു് ഞങ്ങളെ നോക്കി പുഞ്ചിരിച്ചു.

"അതാ അണയോ ആ കളിപ്പാട്ടത്തിനു്?"...

അതിന്റെ വില കൂടിച്ചു കെട്ടിയിരുന്നതുണ്ടു് അപ്പിടെ "കിടന്നിരുന്നതു് എന്റെ സ്നേഹിതൻ എടുത്തു നോക്കി. രണ്ടു രൂപാ പത്തുണ്ടണ!!" ഞങ്ങൾ അയാളെ അത്ഭുതത്തോടെ ചോദ്യരൂപേണ നോക്കി. ആ കൊച്ചു പൊതിക്കെട്ടിൽ ഉണ്ടായിരുന്നതു് നീക്കി ഞങ്ങളുടെ അടുത്തേക്കു വച്ചിട്ടു് അയാൾ പറഞ്ഞു.

"ഇതു് അതിലും എത്ര വലുതാണു്!"

"ഇതോ?" ധനതത്വം ഐഛികമെടുത്തു് സർവകലാശാലയിൽ ഒന്നാമതായി ജയിച്ച എന്റെ സ്നേഹിതൻ അത്ഭുതത്തോടെ ചോദിച്ചു"

"അതെ—ഇതു അവന്റെ മുഴുവൻ മുതലാണു്." ശങ്കരപ്പിള്ള ശാന്തഗംഭീരനായി പറഞ്ഞു.

വിവാദത്തിനു വഴിയൊന്നും ഞാൻ കണ്ടില്ല. "അവൻ എത്രനാളായി അശിച്ചുതുടങ്ങിയതാണു് ആ കളിപ്പാട്ടം. ഇതുവഴി പോകുമ്പോഴൊക്കെ അവൻ അതു നോക്കി ഇവിടെ നിൽക്കാറുണ്ടു്. അവന്റെ കൂട്ടുകാരനു്—വാസുക്കുട്ടനു്—അതിലൊന്നു വാങ്ങിയതു് അവൻ കണ്ടതാണു്. അന്നുമുതൽ അവൻ സൂക്ഷിച്ചുണ്ടാക്കിയ മുതലായിരിക്കും ഇതു്. എനിക്കു ഇതിന്റെ വില തിട്ടപ്പെടുത്തുവാൻ വയ്യ. പാവം കുഞ്ഞു്!" ശങ്കരപ്പിള്ള സാവധാനം പറഞ്ഞതു് ഞങ്ങൾ ശ്രദ്ധിച്ചുനിന്നു. എനിക്കു വാങ്ങാനുള്ളതു വാങ്ങിയിട്ടു് ഞാനും സ്നേഹിതനുംകൂടി പുറത്തിറങ്ങി.

ഞങ്ങൾ നടക്കുകയാണു്—നാലഞ്ചു നിമിഷം ഞങ്ങൾ മൗനമായി നടന്നു. ഞാൻ ആ സംഭവത്തെക്കുറിച്ചു് ചിന്തിക്കുകയായിരുന്നു. മനുഷ്യത്വമുള്ള ആ കച്ചവടക്കാരനെക്കുറിച്ചു് എനിക്കു എന്തൊക്കെ തോന്നി...

"പാവം! അയാളുടെ ജീവിതം!" എന്റെ സ്നേഹിതൻ പറഞ്ഞു. "അതു് ആ സോദരിക്കുവേണ്ടി അടിയറവച്ചതാണു്. അവരുടെ സംരക്ഷണത്തിനുവേണ്ടി അയാൾ സർവവും കാഴ്ചവച്ചിരിക്കുകയാണു്. എന്തൊക്കെ ആശിച്ചതാണയാൾ!... ...വിവാഹം... കുടുംബജീവിതം ... പിഞ്ചുകുഞ്ഞുങ്ങളെ നെഞ്ചിൽ ചേർത്തു് ഹൃദയം തണുത്തു് രോമമണിഞ്ഞ അഛനാകാൻ...അതൊക്കെ അയാൾ ബലി കഴിച്ചു....അതു സഹോദരിക്കുവേണ്ടി...അയാൾ വിവാഹം കഴിക്കാനിരുന്ന സ്ത്രീക്കു് ഇന്നു മൂന്നു കുട്ടികളുണ്ടു്. ഞങ്ങളുടെ അയലത്താണു് അവൾ ഭർത്താവുമൊന്നിച്ചു് താമസിക്കുന്നതു്. സഹോദരിയുടെ ശോകജീവിതത്തിനുത്തരവാദി അയാളാണെന്നാണു് അയാളുടെ വിശ്വാസം. അവളുടെ താണ്ഡവനൃത്തമായി സ്വന്ത സുഖങ്ങളെല്ലാം പരിത്യജിച്ചു് അയാൾ ഇങ്ങനെ ജീവിക്കുകയാണു്...സ്നേഹിതൻ പറഞ്ഞതൊക്കെ ശ്രദ്ധിച്ചുകൊണ്ടു് ഒന്നും പറയാതെ ഞാൻ നടന്നു.

രാവിലെയും വൈകുന്നേരവും ആ കടയുടെ മുമ്പിൽകൂടി കടന്നുപോകുമ്പോൾ...ഒരു ക്ഷേത്രത്തിന്റെ മുമ്പിൽകൂടി കടന്നുപോകുമ്പോൾ തോന്നുന്ന ഭക്തിബഹുമാനങ്ങൾ എനിക്കു തോന്നാറുണ്ടു്. ആ ജീവിതം പരാജയം പറ്റിയ ഒരു സ്മശാനംപോലെ ശൂന്യമായിരിക്കാം. പക്ഷേ അവിടെ ത്യാഗത്തിന്റെ വെന്നിക്കൊടിയാണു് പാറിപ്പറക്കുന്നതു"!